റിസോർട്ട് മാഫിയയുടെ പ്രവർത്തനം

315 (†1741) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ചേറായി തീരപ്രദേശത്ത് റിസോർട്ട് മാഫിയ പിടിമുറുക്കുന്നതായുള്ള മാദ്ധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലത്ത് തീരദേശപരിപാലന നിയമം ലംഘിച്ച് നിരവധി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതായും, ഇപ്പോഴും കെട്ടിട നിർമ്മാണങ്ങൾ നടക്കുന്നതായുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കെതിരെ എന്ത് നടപടികളാണ് എടുത്തിട്ടുള്ളതെന്നും തീരദേശപരിപാലന നിയമം ലംഘിച്ച് മത്സ്യ തൊഴിലാളി കുടുംബങ്ങളുടേതല്ലാത്ത എത്ര കെട്ടിടങ്ങൾ പ്രസ്തുത പ്രദേശത്ത് പണി കഴിപ്പിച്ചിട്ടുണ്ടെന്നും ഇപ്പോൾ എത്ര കെട്ടിടങ്ങളുടെ നിർമ്മാണം നടന്നു വരുന്നു എന്നും വ്യക്തമാക്കുമോ ;

(സി) തീരദേശ പരിപാലന നിയമം ലംഘിച്ച് ഇപ്പോൾ നിർമ്മാണം നടത്തുന്ന കെട്ടിടങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ അനുമതി നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) തീരദേശ നിയമം ലംഘിച്ച മത്സ്യത്തൊഴിലാളികളുടേയും തദ്ദേശവാസികളുടേയും ഉൾപ്പെടെ 801 നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ 801 നിർമ്മാണങ്ങളിൽ $100m^2$-ന് മുകളിലുള്ളതും കോടതി കേസ്സുകൾ ഇല്ലാത്തതുമായ 83 നിർമ്മാണങ്ങൾക്ക് പഞ്ചായത്ത്‌രാജ് ആക്ടിലെ സെക്ഷൻ 235(W) പ്രകാരം നോട്ടീസ് നൽകി നിർമ്മാണം നിർത്തി വച്ചിട്ടുണ്ട്.

(ഡി) ഇല്ല.

---

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly